പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1727

16.3.2015-ൽ മറുപടിക്ക്

# തലസ്ഥാന നഗരിയിലെ ചവർനിക്ഷേപക സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽ പൊതുജനങ്ങൾക്ക് ചവർ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുളളത് എവിടെയെല്ലാമാണെന്ന് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കാതെ ചവർ നിക്ഷേപ നിരോധന ബോർഡുകൾ മാത്രം വ്യാപകമായി പ്രദർശിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്ഥലസൗകര്യമില്ലാത്ത നഗരവാസികൾക്ക് ചവർ നിക്ഷേപിക്കുന്നതിനുള്ള പൊതു സൗകര്യം ഏർപ്പെടുത്തി അതു പരസ്യപ്പെടുത്തിയുളള ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) നിലവിലുള്ള ചട്ട പ്രകാരം നഗരസഭാ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ സംഭരണം, പരിവഹണം, സംസ്ക്കരണം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയാണ്. ആയതു പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ